**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6120** **09-11-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ കാനത്തോട്-കുണ്ടുകടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ കുറുമാലിപ്പുഴയ്ക്ക് കുറുകെ പറപ്പൂക്കര-പുതുക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കാനത്തോട്-കുണ്ടുകടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 25/8/20-ലെ G.O(Rt)No.548/2020/WRD- പ്രകാരം Construction of Kanathodu Regulator Cum Bridge across Kurumalipuzha at Kundukadavu in Puthukkad Panchayat, Thrissur District-എന്ന പ്രവർത്തിക്ക് KIIFB- fund-ൽ ഉൾപ്പെടുത്തി 22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. KIIFB- fund ഉപയോഗിച്ചുള്ള എല്ലാ ഇറിഗേഷൻ പ്രവൃത്തികൾക്കും Managing Director, Kerala Irrigation Infrastructure Development Corporation Ltd (KIIDC) നെ Special Purpose Vehicle (SPV) ആയി നോമിനേറ്റ് ചെയ്തിട്ടുള്ളതാണ്. |
| (ബി) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പ്രസ്തുത പ്രോജക്ടിന്റെ ടെണ്ടർ നടപടികളുടെ പൂർത്തീകരണത്തിനായി ബോർഡ് മീറ്റിംഗ് ചേരുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോ? | (ബി) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC) പ്രസ്തുത പദ്ധതി 24.02.2021 ന് ടെൻഡർ ചെയ്തു. ഒരു കരാറുകാരൻ മാത്രമായതിനാൽ പദ്ധതി വീണ്ടും ടെൻഡർ ചെയ്തു. ഇതിൽ മൂന്ന് കരാറുകാർ പങ്കെടുക്കുകയും ചെയ്തു. എന്നാൽ എസ്റ്റിമേറ്റ് തുകയേക്കാൾ 9.98% അധികമാണ് ഫിനാൻഷ്യൽ ബിഡിൽ രേഖപ്പെടുത്തിയത്. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും അധികരിച്ച് വന്നതിനാൽ ഇതിനു കെ.ഐ.ഐ.ഡി.സി. ബോർഡിന്റെ അംഗീകാരം ആവശ്യമാണ്. കെ.ഐ.ഐ.ഡി.സി. ബോർഡ് ഉടനടി യോഗം ചേരാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ